# മോശം ധനഭരണവും ധനനയങ്ങളും കേരള സർക്കാരിന്റെ ധനസ്ഥിതി തകർത്തു

**ബി. എ. പ്രകാശ്**

സംസ്ഥാന ചരിത്രത്തിലെ ഏറ്റവും ഗുരുതരമായ ധനകാര്യ പ്രതിസന്ധി അഥവാ തകർച്ചയെയാണ് സംസ്ഥാനസർക്കാർ ഇന്ന് അഭിമുഖീകരിയ്ക്കുന്നത് എന്നാണു ലഭ്യമായ സ്ഥിതിവിവര കണക്കുകൾ കാണിയ്ക്കുന്നത്. സംസ്ഥാന ഖജനാവ് ഒരു കാലത്തും ഇല്ലാത്ത ഞെരുക്കത്തിലാണെന്നും അതിന്റെ കാരണം സംസ്ഥാനത്തെ ശ്വാസം മുട്ടിയ്ക്കുന്ന കേന്ദ്രസർക്കാരിന്റെ ധനനയങ്ങളും നടപടികളുമാണെന്നാണ് ധനമന്ത്രി പറയുന്നത്. ഈ സാഹചര്യത്തിൽ സംസ്ഥാനം ഇന്ന് അഭിമുഖീകരിയ്ക്കുന്ന ഗുരുതരമായ ധനപ്രതിസന്ധിയുടെ സ്വഭാവവും വ്യാപ്തിയും; എൽ.ഡി.എഫ്. സർക്കാർ അനുവർത്തിച്ചു വരുന്ന ധനനയങ്ങളും പരിഷ്ക്കരണങ്ങളും പരിശോധിയ്ക്കുകയാണ് ഇവിടെ.

## I. ധനപ്രതിസന്ധി : സ്വഭാവവും വ്യാപ്തിയും

### 2016ലെ ധവളപത്രം

ധവളപത്രത്തിലെ നിഗമനങ്ങൾ താഴെ പറയുന്നവയാണ്. സർക്കാർ അതിരൂക്ഷമായ ധനപ്രതിസന്ധിയിലാണ്. വായ്പ എടുക്കാൻ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പരിധിയിലുള്ള മുഴുവൻ വായ്പയും എടുത്താലും നിത്യ നിദാന ചെലവുകൾ നിറവേറ്റാൻ മാത്രമേ തികയൂ. ധനപ്രതിസന്ധി മൂലം സർക്കാർ മൂലധനനിക്ഷേപം നടത്തേണ്ട പൊതു സർവീസുകൾ (ആരോഗ്യം, വിദ്യാഭ്യാസം) അടിസ്ഥാന ഘടകങ്ങളായ റോഡ്, പാലങ്ങൾ, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവയ്ക്ക് പണം ഇല്ലാത്ത അവസ്ഥയാണ്. പണമില്ലാത്തതിനാൽ വാർഷിക പദ്ധതികൾ വെട്ടിക്കുറയ്ക്കാൻ നിർബന്ധിതമാകുന്നു. ബജറ്റുകളിലെ വരവ് ചെലവ് കണക്കുകളും പദ്ധതികളും പെരുപ്പിച്ച കണക്കുകളാണ്. ഈ നിലയ്ക്കാണ് ധനസ്ഥിതി മുന്നോട്ട് പോകുതെങ്കിൽ 2017-18 ൽ സംസ്ഥാനസർക്കാർ സമ്പൂർണ്ണ ധനകാര്യ തകർച്ചയിലേക്കും; 2021 ഓടെ നിത്യനിദാന ചെലവുകളായ ശമ്പളം, പെൻഷൻ, വായ്പാ തിരിച്ചടവ്, സാമൂഹ്യക്ഷേമ ചെലവുകൾ എന്നിവ പോലും മുടങ്ങുന്ന സ്ഥിതിയും ഉണ്ടാകുമെന്നും ധവളപത്രം പ്രവചിക്കുന്നു.

### ശമ്പള പരിഷ്കരണം ധനപ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കി

പത്താം സംസ്ഥാന ശമ്പളപരിഷ്ക്കരണകമ്മിഷൻ പത്തു വർഷത്തേക്കാണ് ശമ്പള പരിഷ്ക്കരണം ശുപാർശ ചെയ്തത്. അഞ്ചു വർഷത്തിൽ ഒരിയ്ക്കൽ ശമ്പള പരിഷക്കരണം നടത്താൻ ധനസ്ഥിതി ഇല്ലെന്നാണ് കമ്മിഷന്റെ നിഗമനം. എന്നാൽ പത്ത് വർഷക്കാലത്തേക്ക് ശുപാർശ ചെയ്ത ഉയർന്ന തോതിലുള്ള ശമ്പള സ്കെയിൽ, സംസ്ഥാനസർക്കാർ അഞ്ചു വർഷത്തേക്ക് നടപ്പിലാക്കി വൻസാമ്പത്തിക ബാധ്യത സൃഷ്ടിച്ചു. ശമ്പള പരിഷ്ക്കരണം നടത്താൻ ഒരു വർഷത്തെ അധിക സാമ്പത്തികബാധ്യത 7700 കോടിരൂപയാണ്. ശമ്പളകമ്മിഷൻ

ശുപാർശകൾ 2014 ജൂലൈ ഒന്ന് മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കിയത് മൂലം കുടിശിക കൊടുക്കാൻ പണം ഇല്ലാത്തതിനാൽ പി.എഫിൽ നിർബന്ധിത നിക്ഷേപമാക്കി മാറ്റി. ഈ നിക്ഷേപത്തിന് 8.7 ശതമാനം പലിശ ഇപ്പോഴും നൽകി വരുന്നു. 2016നു ശേഷം ധനപ്രതിസന്ധി രൂക്ഷമായി തുടരുന്നതിന്റെയും ഇന്നത്തെ ഗുരുതരമായ ധനപ്രതിസന്ധിയുടെയും അടിസ്ഥാനകാരണവും ഇതാണ്.

**2019 ലെതുടർച്ചയായ ട്രഷറി നിയന്ത്രണങ്ങൾ**

2019 ഫെബ്രുവരി 15 മുതൽ ശമ്പളം, പെൻഷൻ എന്നിവ ഒഴിച്ച് ഒരു ട്രഷറി ബിൽ/ചെക്ക് മുഖേന മാറാവുന്ന പരിധി ഒരു ലക്ഷം രൂപയാക്കി. അതിനു മുകളിലുള്ള ബില്ലുകൾക്ക് വെയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് ഏർപ്പെടുത്തി. ഇതിൽ ചില മാറ്റങ്ങൾ വരുത്തിയെങ്കിലും തുടർച്ചയായ കടുത്ത ട്രഷറിനിയന്ത്രണങ്ങൾ 2019ൽ ഉടനീളം നിലനിന്നു. 2019 ഡിസംബർ ആദ്യം സർക്കാർ ജീവനക്കാർക്ക് ശമ്പളവും പെൻഷനും വിതരണം ചെയ്യാൻ പണം സ്വരൂപിക്കാൻ വേണ്ടി മറ്റെല്ലാബില്ലുകളും പാസ്സാക്കാത്ത കടുത്ത നിയന്ത്രണമാണ് നവംബർമാസം ഏർപ്പെടുത്തിയത്. പൂർത്തിയാക്കിയ പണികൾക്ക്, കരാറുകാർക്ക് നൽകേണ്ട 3900 കോടിരൂപയുടെ ബില്ലുകൾ പാസ്സാവാതെ ഏഴുമാസം മുതൽ ഒരു വർഷം വരെ ട്രഷറിയിൽ കെട്ടികിടക്കുന്നു.

**ധനകാര്യ സൂചികകൾ**

റവന്യൂകമ്മി, ധനകമ്മി, വായ്പ-ജി.എസ്.ഡി.പി. അനുപാതം എന്നീ ധനസൂചികകൾ വച്ചു പരിശോധിച്ചാലും 2016-17ൽ ധനപ്രതിസന്ധി കൂടുതൽ രൂക്ഷമായെന്ന് കാണാം (പട്ടിക 1,2). പൊതുകട സൂചികയിലും ഈ വർഷം വർധനയുണ്ടായി (പട്ടിക 3). സംസ്ഥാന ധനസ്ഥിതി പരിശോധിച്ച സി.എ.ജി.യും മുൻവർഷത്തേക്കാൾ 2016-17ലെ ധനസ്ഥിതി മോശമാണെന്ന് കണ്ടെത്തി. 2017-18ൽ റവന്യൂകമ്മിയും ധനകമ്മിയും വലിയ തോതിൽ കുറച്ചു കാണിച്ചു എന്ന് സി.എ.ജി. കണ്ടെത്തി. ഇവ കൂടി ചേർത്താൽ റവന്യൂ, ധനകമ്മി വളരെ ഉയർന്നതാണെന്ന് കാണാം.

ഈ ചർച്ച ഉപസംഹരിയ്ക്കാം. 2016ൽ ധവളപത്രം പ്രസിദ്ധീകരിച്ചതിന് ശേഷം ധനസ്ഥിതി തുടർച്ചയായി മോശമായി ഇപ്പോൾ കരകയറാൻ കഴിയാത്ത തകർച്ചയിൽ എത്തി നിൽക്കുന്നു. ഈ പ്രതിസന്ധി ഘടനാപരമായ അടിസ്ഥാന പ്രശ്നമാണ്. ഇത് ഒരു താത്കാലിക പ്രശ്നമോ ഒറ്റപ്പെട്ട നടപടികൾ മൂലമുണ്ടായതോ ട്രേഡ് സൈക്കിൾ മൂലം ഉണ്ടായതോ അല്ല.

**പട്ടിക 1**

**റവന്യൂ കമ്മി (Revenue Deficit)**

| **വർഷം** | **റവന്യൂ കമ്മി (രൂപ** | **റവന്യൂ കമ്മി, റവന്യൂ ചെലവ്** | **റവന്യൂ കമ്മി, ജി.എസ്.ഡി.പി** അനുപാതം (%) |
|---|---|---|---|

| | | | |
|---|---|---|---|
| | **കോടി)** | **അനുപാതം (%)** | |
| 2010-11 | 3674 | 10.6 | 1.13 |
| 2011-12 | 8035 | 17.4 | 2.21 |
| 2012-13 | 9352 | 17.5 | 2.27 |
| 2013-14 | 11309 | 18.7 | 2.43 |
| 2014-15 | 13796 | 19.2 | 2.69 |
| 2015-16 | 9657 | 12.3 | 1.72 |
| 2016-17 | 15484 | 17.0 | 2.51 |
| 2017-18 (പുതുക്കിയത്) | 25820* | 23.7 | 3.75 |

* 2017-18 ലെ റവന്യൂ കമ്മിയിൽ 8892 കോടിരൂപ കുറച്ച് കാണിച്ചു എന്ന് സി.എ.ജി. കണ്ടെത്തി. അതുകൂടി ഉൾപ്പെടുത്തിയാലുള്ള റവന്യൂ കമ്മിയാണ് 25820 കോടി രൂപ.

**പട്ടിക 2**

**ധന കമ്മി (Fiscal Deficit)**

| **വർഷം** | **ധനകമ്മി (രൂപ കോടി)** | **ധനകമ്മി, മൊത്തം ചെലവ് അനുപാതം (%)** | **ധനകമ്മി, ജി.എസ്.ഡി.പി അനുപാതം (%)** |
|---|---|---|---|
| 2010-11 | 7731 | 19.9 | 2.38 |
| 2011-12 | 12815 | 25.2 | 3.52 |
| 2012-13 | 15002 | 25.3 | 3.64 |
| 2013-14 | 16944 | 25.5 | 3.64 |
| 2014-15 | 18642 | 24.2 | 3.64 |
| 2015-16 | 17818 | 20.5 | 3.17 |
| 2016-17 | 26448 | 25.8 | 4.29 |
| 2017-18 (പുതുക്കിയത്) | 36215* | 30.3 | 5.27 |

* 2017-18 ലെ ധനകമ്മിയിൽ 9378 കോടിരൂപ കുറച്ച് കാണിച്ചു എന്ന് സി.എ.ജി. കണ്ടെത്തി. അതുകൂടി ഉൾപ്പെടുത്തിയാലുള്ള ധനകമ്മിയാണ് 36215 കോടി രൂപ.

**പട്ടിക 3**

**പൊതുകടം**

| **വർഷം** | **പൊതുകടം (രൂപ കോടി)** | **വർധന (%)** | **പൊതുകടം, ജി.എസ്.ഡി.പി അനുപാതം (%)** |
|---|---|---|---|
| 2010-11 | 78673 | 10.9 | 24.24 |
| 2011-12 | 89418 | 13.7 | 24.56 |
| 2012-13 | 103561 | 15.8 | 25.12 |
| 2013-14 | 119009 | 14.9 | 25.59 |
| 2014-15 | 135440 | 13.8 | 26.42 |
| 2015-16 | 157370 | 16.2 | 28.00 |
| 2016-17 | 186453 | 18.5 | 30.25 |
| 2017-18 | 210762 | 13.03 | 30.69 |

## II. എൽ.ഡി.എഫ്. സർക്കാരിന്റെ ധനനയങ്ങൾ

കേരളത്തിൽ രാഷ്ട്രീയപാർട്ടികളും മുന്നണികളും പൊതുവിൽ അനുവർത്തിച്ചു വരുന്നത് ധനധൂർത്ത് രാഷ്ട്രീയമാണ്. "ഒരു സർക്കാർ ജനങ്ങളിൽ നിന്ന് നികുതിയായും മറ്റിനങ്ങളായും പിരിക്കുന്ന തുകയും, മറ്റു വരുമാനങ്ങളും കടമെടുക്കുന്ന തുകയും ഭരണം മെച്ചപ്പെടുത്തുന്നതിനും, ജനങ്ങളുടെ ക്ഷേമത്തിനും, നാടിന്റെ വികസനത്തിനും ചെലവാക്കുന്നതിനുപകരം രാഷ്ട്രീയ അധികാരം നിലനിർത്താനും, രാഷ്ട്രീയ നേട്ടങ്ങൾ നേടാനും, ബ്യൂറോക്രസി, സമ്മർദ്ദ ഗ്രൂപ്പുകൾ, രാഷ്ട്രീയ മുന്നണികൾ എന്നിവയുടെ നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കാനും ഭരണവർഗ്ഗത്തിന്റെ ആഡംബരത്തിനും ധൂർത്തിനും ചെലവാക്കുന്നതിനെ ധനധൂർത്ത് എന്നു പറയാം". ഈ ധനധൂർത്ത് രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലുള്ള പിൻതിരിപ്പൻ, വികസന വിരുദ്ധ, ജനക്ഷേമ വിരുദ്ധ സ്വഭാവത്തിലുള്ള ധനനയങ്ങളാണ് സംസ്ഥാനത്ത് അനുവർത്തിയ്ക്കുന്നത്.

**ധനനയങ്ങൾ**

i. റവന്യൂകമ്മി, ധനകമ്മി എന്നിവ പടിപടിയായി കുറച്ചുകൊണ്ട് വരുന്നതിനു പകരം അവയുടെ വർധനയ്ക്ക് ആക്കം കൂട്ടുന്ന വരവ്, ചെലവ്, വായ്പാനയങ്ങൾ ആണ് അനുവർത്തിയ്ക്കുന്നത്.

ii. നിത്യനിദാന, റവന്യൂ ചെലവുകൾ കടം വാങ്ങി നിറവേറ്റുന്ന നിലയിൽ മാറ്റം വരുത്താത്ത നയങ്ങൾ. മൂലധന നിക്ഷേപത്തെ അവഗണിയ്ക്കുന്ന നയങ്ങൾ.

iii. സംസ്ഥാന സർക്കാരിന്റെ തനത് നികുതി, നികുതിയേതര വരുമാനവർധനയ്ക്ക് സഹായകരമല്ലാത്ത നയങ്ങൾ (നിരക്കുകൾ കാലാനുസരണം കൂട്ടാതിരിയ്ക്കുക, നികുതിഭരണം മെച്ചമാക്കാതിരിയ്ക്കുക, മോശമായ ജി.എസ്.ടി. പിരിവ്, യഥാസമയം കുടിശികകൾ പിരിച്ചെടുക്കാതിരിയ്ക്കുക തുടങ്ങിയവ)

iv. പ്രാദേശിക സർക്കാരുകളെ ശ്വാസം മുട്ടിയ്ക്കുന്ന നയങ്ങൾ - നികുതി, നികുതിയേതര ഇനങ്ങൾ കാലാനുസൃതം വര്ധിപ്പിയ്ക്കാത്ത നയങ്ങൾ, ധനകാര്യ കമ്മിഷൻ ശുപാർശകൾ തള്ളി തോന്നും പോലെയുള്ള ധനവിതരണം, ബില്ലുകൾ പാസ്സാക്കാതെ പദ്ധതി പ്രവർത്തനങ്ങളും മറ്റും അട്ടിമറിയ്ക്കുന്ന നടപടികൾ.

v. കുതിച്ചുയരുന്ന നോൺ-പ്ലാൻ റവന്യൂ ചെലവ് നിയന്ത്രിയ്ക്കാത്ത നയങ്ങൾ. ധനധൂർത്ത്, അനാവശ്യ ചെലവുകൾ, ആഡംബര ചെലവുകൾ, അനാവശ്യ തസ്തികകൾ സൃഷ്ടിക്കുക തുടങ്ങിയവയ്ക്ക് പണം വാരിക്കോരി നൽകുന്നു.

vi. അഞ്ചു വർഷത്തിലൊരിയ്ക്കലുള്ള ശമ്പള, പെൻഷൻ പരിഷ്ക്കരണം നടത്തി അടുത്ത സർക്കാരിനെ കടക്കെണിയിലാക്കുന്നു.

vii. ഭാവി ധനസാധ്യത പരിഗണിയ്ക്കാതെ സമ്മർദ്ദ ഗ്രൂപ്പുകൾക്ക് വേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കൽ. എയ്ഡഡ്, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അനാവശ്യ തസ്തിക സൃഷ്ടിക്കൽ (ഈ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏതാണ്ട് 50,000ൽ അധികം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇവയിൽ പകുതിയോളവും സ്വകാര്യ എയ്ഡഡ് സ്കൂളുകളിലാണ്).

viii. സംസ്ഥാന ബജറ്റ് സംവിധാനത്തെ തകർക്കുന്ന തരികിട ധനനിയന്ത്രണങ്ങളും പരിഷ്ക്കാരങ്ങളും

ix. അർഹതപ്പെട്ട വായ്പ നഷ്ടപ്പെടുത്തുന്ന പിൻവാതിൽ നടപടികളും കള്ളകണക്കുകളും

x. ബജറ്റിലെ വരവ്, ചെലവ് കണക്കുകൾ പെരുപ്പിച്ചു കാണിച്ച് വികൃതമാക്കി നടപ്പിലാക്കാൻ കഴിയാത്ത ബജറ്റ് രൂപീകരണം.

## III. തുഗ്ലക്ക് മോഡൽ ധനപരിഷ്ക്കാരങ്ങൾ

### 1. 2017-18ലെ റവന്യൂ കമ്മി, ധനക്കമ്മി എന്നിവ തെറ്റായ കണക്കുകളെന്നു സി.എ.ജി.

യഥാർത്ഥ ധനസ്ഥിതി മൂടിവയ്ക്കാൻ ധനകാര്യ കണക്കുകളിൽ വ്യാപകമായ വളച്ചൊടിയ്ക്കൽ നടത്തിയെന്ന് 2017-18ലെ ധനസ്ഥിതി പരിശോധിച്ച സി.എ.ജി കണ്ടെത്തി. സി.എ.ജി.യുടെ ഫൈനാൻസ് അക്കൗണ്ട് 2017-18 അനുസരിച്ച് റവന്യൂകമ്മിയിൽ 8892 കോടിരൂപയും ധനകമ്മിയിൽ 9378 കോടിരൂപയും തെറ്റായി കുറച്ചു കാണിച്ചു. നൽകാത്ത കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ട്, നൽകാത്ത ഗ്യാരണ്ടി റിഡംഷൻ ഫണ്ട്, തിരിച്ചെടുത്ത എസ്.റ്റി., എസ്.ബി. ഫണ്ട് അധിക പേയ്മെന്റ് ആയി കണക്കാക്കുക തുടങ്ങിയവയാണ് സി.എ.ജി.ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കുറച്ചു കാണിച്ച തുക കൂടി ചേർത്താൽ 2017-18ലെ റവന്യൂകമ്മി 3.75 ശതമാനവും ധനകമ്മി 5.27 ശതമാനവും ഉയരും. ഈ പുതുക്കിയ ധനകമ്മി, സംസ്ഥാനം ധനകാര്യ തകർച്ച നേരിട്ട 2000-01 ലെ ധനസ്ഥിതിയ്ക്ക് സമാനമാണ്. സർക്കാരിന്റെ ധനകാര്യകണക്കുകൾ തെറ്റാണെന്നുള്ള സി.എ.ജി.യുടെ നിരീക്ഷണം സർക്കാരിന്റെ വിശ്വാസ്യത തന്നെ ചോദ്യം ചെയ്യപ്പെടുന്നു.

### 2. പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (എസ്.റ്റി.എസ്.ബി) തിരിമറി

2017-18 എസ്.റ്റി.എസ്.ബി. അക്കൗണ്ടുകളിൽ വ്യാപകമായ തിരിമറി നടത്തിയതുമൂലം സർക്കാരിന്റെ യഥാർത്ഥ ധനസ്ഥിതിയല്ല ബജറ്റിലെ കണക്കുകൾ സൂചിപ്പിക്കുതെന്നു സി.എ.ജി. അഭിപ്രായപ്പെടുന്നു. ഇതിനു പുറമേ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ബജറ്റിലെ ചെലവാകാത്ത സർക്കാർ ഫണ്ടുകളും ഗ്രാന്റുകളും മറ്റും ആ വർഷവും തുടർന്നും സൂക്ഷിക്കുതിനും പിൻവലിക്കുതിനും പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്.റ്റി.എസ്.ബി.) അക്കൗണ്ടുകളുമുണ്ട്. സാമ്പത്തിക വർഷം ചെലവാക്കാത്ത തുക ഈ അക്കൗണ്ടുകളിലെയ്ക്ക് മാറ്റുന്നുവെന്ന് പറയുന്നുവെങ്കിലും യഥാർത്ഥകാരണം ഇവർക്കു കൊടുക്കാൻ ട്രഷറിയിൽ പണമില്ലാത്തതാണ്. പണിമല്ലാത്ത സ്ഥിതി മറച്ചുവയ്ക്കാനുള്ള ഒരു കള്ളക്കണക്കാണിത്. ഈ കള്ളക്കണക്ക് കേന്ദ്രസർക്കാർ കണ്ടുപിടിയ്ക്കുകയും ഈ നിക്ഷേപതുക കൂടി വായ്പയെടുത്ത തുകയായി പരിഗണിച്ച് സംസ്ഥാന സർക്കാരിന് എടുക്കാവുന്ന വായ്പ തുകയിൽ വെട്ടിക്കുറവു വരുത്തുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് എസ്.റ്റി.എസ്.ബി. അക്കൗണ്ടുകളിൽനിന്ന് 2017-18ൽ 8611.64 കോടി സംസ്ഥാനസർക്കാർ തിരിച്ചെടുത്തത്. സാധാരണഗതിയിൽ ഈ തിരിച്ചെടുത്ത തുക മുമ്പ് ട്രാൻസ്ഫർ ചെയ്ത അക്കൗണ്ടുകളിൽ തിരിച്ചു ഇടേണ്ടതാണ്. എന്നാൽ, ഇവിടെ അതുണ്ടായില്ല എന്ന് സി.എ.ജി. കണ്ടെത്തി. തിരിച്ചെടുത്ത തുകയിൽ 313.42 കോടി മാത്രമാണ് പിന്നീട് റീഫണ്ട് നൽകിയത്. ചുരുക്കത്തിൽ ഈ കണക്കുകൾ കള്ളകണക്കുകളാണെന്ന് സി.എ.ജി. കണ്ടെത്തി.

### 3. മോശം ധനമാനേജ്മെന്റ് എന്ന് കെ.പി.ഇ.ആർ.സി.

എസ്.റ്റി.എസ്.ബി. അക്കൗണ്ടുകളിലെ തുക തിരിച്ചെടുത്ത വിഷയം പരിശോധിച്ച കേരള പബ്ലിക് എക്സ്പ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി (കെ.പി.ഇ.ആർ.സി.) ഇത് തെറ്റായ കണക്കുകളും മോശമായ

ധനകാര്യമാനേജ്മെന്റും ആണെന്നും അഭിപ്രായപ്പെട്ടു. അവ താഴെപറയുന്നു. ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് അലോക്കേഷനും മുൻവർഷത്തെ ചെലവാക്കാത്ത തുകയും ഒരു വർഷം ചെലവാക്കുന്ന രീതി ബജറ്റിന്റെ സുതാര്യത നഷ്ടപ്പെടുത്തിയെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു. വിഭവങ്ങളുടെ പിൻബലമില്ലാതെ വലിയതുകയ്ക്കുള്ള വാർഷിക പദ്ധതികൾ രൂപീകരിക്കുന്നതാണ് മറ്റൊരു കള്ളക്കണക്ക്. ഈ പദ്ധതി നടത്താൻ വേണ്ട പണം നൽകാൻ സർക്കാരിന്റെ കൈവശമില്ല. ഈ സാഹചര്യത്തിൽ പദ്ധതി തുക ചെലവാക്കാൻ കഴിഞ്ഞില്ല എന്ന വ്യാജേന ആ തുക ട്രഷറി അക്കൗണ്ടുകളിലേക്കു മാറ്റുന്നു. ബജറ്റിലെ തുക എസ്.റ്റി.എസ്.ബി.യിൽ അക്കൗണ്ടുകളിലേക്കു മാറ്റുന്ന തെറ്റായ നടപടി നിർത്തണമെന്ന് കമ്മിറ്റി അഭിപ്രായപ്പെടുന്നു.

കണക്കുകളിലെ തിരിമറിമൂലം റവന്യു ചെലവ് കുറച്ചുകാണിച്ചിരിക്കുന്നുവെന്നും കമ്മിറ്റി അഭിപ്രായപ്പെടുന്നു. 2016-17ലെ റവന്യുചെലവിന്റെ വർദ്ധന 15.77 ശതമാനവും 2017-18ൽ 9.72 ശതമാനവുമെന്നു ബജറ്റ് രേഖകളിൽ പറയുന്നു. ഇതു ശരിയല്ലെന്നു കമ്മിറ്റി പറയുന്നു. ചെലവിനത്തിൽ എസ്.റ്റി.എസ്.ബി.യിൽ നിന്നു തിരിച്ചെടുത്ത തുകയായ 8278 കോടിരൂപ കുറച്ചതുകൊണ്ടാണ് ഇതുണ്ടായതെന്നു കമ്മിറ്റി കണ്ടെത്തി. ശമ്പളപരിഷ്കരണം സൃഷ്ടിച്ച അധിക ബാധ്യത കൊടുക്കാൻ പണമില്ലാതെ പി.എഫ്. അക്കൗണ്ടുകളിൽ നിഷേപിച്ച നടപടിയും തെറ്റാണെന്നു കമ്മിറ്റി അഭിപ്രായപ്പെടുന്നു. ഇതുമൂലം ഭാവിയിലെ ധനബാധ്യത വർദ്ധിക്കുമെന്ന് മാത്രമല്ല പി.എഫ്.ലേക്ക് മാറ്റിയ തുകയ്ക്കും കമ്പോളത്തിൽനിന്നും കടവാങ്ങുന്നതിനേക്കാൾ ഉയർന്ന പലിശനിരക്ക് കൊടുക്കേണ്ടിവരുന്നു. അതുകൊണ്ട് ശമ്പള,പെൻഷൻ പരിഷ്കരണത്തിലെ അധികബാധ്യത പണമായി നൽകുകയോ കമ്പോളത്തിൽനിന്നും വായ്പ വാങ്ങി നൽകുകയോ ചെയ്യണമെന്ന് കമ്മറ്റി നിർദ്ദേശിക്കുന്നു.

### 4. വാർഷിക വായ്പ : കേന്ദ്ര നടപടിയ്ക്ക് ന്യായീകരണമുണ്ടോ?

സംസ്ഥാനത്തിന് അർഹതപ്പെട്ട വായ്പ എടുക്കാൻ അനുവദിയ്ക്കാതെ കേന്ദ്രം, സംസ്ഥാനത്തെ ശ്വാസം മുട്ടിയ്ക്കുന്നു എന്ന് ധനമന്ത്രി ആരോപിയ്ക്കുന്നു. സംസ്ഥാന ജി.ഡി.പി.യുടെ മൂന്നു ശതമാനത്തിന് തുല്യമായ തുക 2019-20ൽ വായ്പ എടുക്കാൻ സംസ്ഥാനത്തിന് അർഹതയുണ്ട് (24915 കോടിരൂപ). എന്നാൽ ഈ വർഷം വായ്പാപരിധിയിൽ 8325 കോടിരൂപ വെട്ടിക്കുറച്ചു. ഇതിന് കാരണമായി കേന്ദ്രസർക്കാർ പറയുന്നത് 2016-17ൽ കേരളത്തിലെ ട്രഷറി ഡെപ്പോസിറ്റുകളിൽ ബജറ്റിൽ സൂചിപ്പിച്ചതിനേക്കാൾ 6000 ത്തിൽപ്പരം കോടിരൂപയുടെ വർധനവുണ്ടായി എന്നാണു. ഇതിൽ ഗണ്യമായപങ്ക് വിവിധവകുപ്പുകളുടെ ചെലവഴിക്കാത്ത പണം ട്രഷറി ഡെപ്പോസിറ്റുകളിലായി കിടന്നത് മൂലമാണെന്ന സംസ്ഥാനസർക്കാരിന്റെ വാദം കേന്ദ്രസർക്കാർ അംഗീകരിച്ചില്ല എന്നതാണ്. ട്രഷറിഡെപ്പോസിറ്റുകൾ പെരുപ്പിച്ച കണക്കുകളാണെന്ന് സി.എ.ജി.യും കെ.പി.ഇ.ആർ.സി.യും നടത്തിയ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ കേന്ദ്രസർക്കാരിന്റെ ഈ നടപടി തെറ്റാണെന്ന് പറയാൻ കഴിയുകയില്ല.

### 5. ധനനിയന്ത്രണങ്ങൾ സംസ്ഥാന ബജറ്റ് സംവിധാനത്തെ തകർക്കുന്നു

സംസ്ഥാന സർക്കാരിന്റെ ധനമാനേജ്മെന്റ് നടത്തുന്നത് വാർഷിക ബജറ്റ് സംവിധാനത്തിലൂടെയാണ്. വകുപ്പുകൾ തങ്ങളുടെ നിത്യനിദാന ചെലവുകൾ നടത്തുന്നതും പദ്ധതി ചെലവുകൾ ആസൂത്രണം ചെയ്യുന്നതും മറ്റും വാർഷികബജറ്റിന്റെ അടിസ്ഥാനത്തിലാണ്. പ്രാദേശികസർക്കാരുകളുടെ സിംഹഭാഗം ഫണ്ട് ലഭിക്കുന്നതും സംസ്ഥാനസർക്കാർ ബജറ്റിൽ നിന്നാണ്. എന്നാൽ ധനപ്രതിസന്ധിമൂലം നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിലെ തുക അടുത്ത സാമ്പത്തികവർഷത്തേക്ക് മാറ്റുന്ന ചില ധനനിയന്ത്രണങ്ങൾ സംസ്ഥാനസർക്കാർ നടപ്പിലാക്കി. അവ തുടർച്ചയായ ട്രഷറി നയന്ത്രണങ്ങൾ വഴി ബില്ലുകൾ ഒരു സാമ്പത്തികവർഷം പാസാക്കാതെ അടുത്തവർഷത്തേക്ക് മാറ്റുക, ബില്ലുകൾ പാസാക്കാൻ വെയിൽസ്&മീൻസ് ക്ലിയറൻസ് ഏർപ്പെടുത്തുക, പാസാക്കാത്ത ബില്ലുകൾ ട്രഷറി ക്യൂസിസ്റ്റത്തിലേക്ക് മാറ്റുക, ഇ-ലാംസ് പദ്ധതിയിലേക്ക് മാറ്റുക, ബജറ്റിലെ തുക പ്രത്യേക എസ്.റ്റി.എസ്.ബി. അക്കൗണ്ടുകളിലേക്ക് മാറ്റുക തുടങ്ങിയവയാണ്.

മുകളിൽ വിവരിച്ച ധനനിയന്ത്രണങ്ങൾ സംസ്ഥാനബജറ്റ് സംവിധാനത്തെ അട്ടിമറിയ്ക്കുന്നു. ഒരു സാമ്പത്തികവർഷത്തെ ബജറ്റിലെ തുക, അടുത്ത സാമ്പത്തികവർഷം ചെലവാക്കണമെന്നു പറയുന്നതിൽ എന്താണ് യുക്തി? ഈ ധനനിയന്ത്രണങ്ങൾ മൂലം ബജറ്റിലെ അലോക്കേഷൻ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയാത്ത സാങ്കല്പിക കണക്കുകളായി മാറുന്നു. ബജറ്റ്ഹെഡിലെ തുക കണ്ടുകൊണ്ട് ധനചെലവുള്ള ഒരു പദ്ധതിയും തുടങ്ങാനോ നടപ്പിലാക്കാനോ സർക്കാർ വകുപ്പുകൾക്ക് കഴിയാത്ത അനിശ്ചിതത്വമാണ് ഇപ്പോഴുള്ളത്.

### 6. അഞ്ചാം ധനകാര്യ കമ്മിഷൻ ശുപാർശകൾ അട്ടിമറിച്ചു.

ഇന്ത്യൻ ഭരണഘടന അനുസരിച്ച് സംസ്ഥാന ധനകാര്യ കമ്മിഷൻ, സംസ്ഥാന നികുതികളുടെ ഒരു വിഹിതവും ഗ്രാന്റുകളും പ്രാദേശിക സർക്കാരുകൾക്ക് അഞ്ചു വർഷക്കാലം നൽകാനും അവയുടെ ധനസ്ഥിതി മെച്ചപ്പെടുത്താനും ശുപാർശകൾ നൽകേണ്ട സ്ഥാപനങ്ങളാണ്. എന്നാൽ അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകൾ രണ്ട് വർഷം നടപ്പാക്കിയില്ല. പ്രാദേശിക സർക്കാരുകൾക്ക് നൽകേണ്ട ഫണ്ടിനെ കുറിച്ചുള്ള കമ്മിഷന്റെ ശുപാർശകൾ ഏതാണ്ട് എല്ലാം നിരസിച്ചു. എന്നിട്ട് സർക്കാരിന് തോന്നിയ പോലെ പണം നൽകി. പ്രാദേശിക സർക്കാരുകളുടെ നികുതി, നികുതിയേതര ഇനങ്ങൾ വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങളും നടപ്പിലാക്കിയില്ല. കമ്മിഷൻ ശുപാർശ ചെയ്തതിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകൾക്ക് നാല് വർഷമായി ബജറ്റ് വിഹിതമായി ലഭിച്ചത്. ഈ നടപടികളും സാമ്പത്തിക വർഷം മുഴുവനും, തുടർച്ചയായി ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തി പ്രാദേശിക സർക്കാരുകളുടെ ശമ്പള-പെൻഷൻ ഇതര ബില്ലുകൾ പാസാക്കാതെ അവരെ നിത്യധനപ്രതിസന്ധിയിലാക്കി.

സംസ്ഥാന ധനകാര്യ കമ്മിഷനെ കൊല്ലുന്ന നടപടികൾ സ്വീകരിച്ച് ധനവികേന്ദ്രീകരണ പ്രക്രിയ തകർക്കുകയും കേന്ദ്രധനകാര്യകമ്മിഷന്റെ ടേംസ് ഓഫ് റഫറൻസ് സംസ്ഥാന വിരുദ്ധമാണെന്ന് പ്രക്ഷോപണം നടത്തുന്ന ധനമന്ത്രിയുടെ നിലപാട് ഇരട്ടത്താപ്പാണ്.

## 7. കിഫ്ബി : പാളിയ പദ്ധതി

കേരളത്തിൽ ഇതുവരെ നടന്നിട്ടില്ലാത്ത, സമാനതകൾ ഇല്ലാത്ത പശ്ചാത്തലവികസന പദ്ധതിയായാണ് കിഫ്ബിയെ അവതരിപ്പിച്ചത്. ബജറ്റിന് പുറത്തു നിന്ന് 54000 കോടിരൂപ സംഭരിച്ച് ബജറ്റിനകത്തെ വികസനപദ്ധതികൾ അഞ്ചുവർഷം കൊണ്ട് നടപ്പിലാക്കുന്ന വൻപദ്ധതിയാണ് ഇത്. നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്ന് ടോൾ, യൂസർ ചാർജ്ജ് തുടങ്ങിയവ പിരിച്ച് തിരിച്ചടവിന് പണം സ്വരൂപിയ്ക്കാൻ പദ്ധതി ലക്ഷ്യമിടുന്നില്ല. മുഴുവൻ തിരിച്ചടവും സംസ്ഥാനനികുതിയുടെ ഒരുഭാഗം ഉപയോഗിച്ചാണ്. ഈ പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചാൽ ഇതൊരു പാളിയ പദ്ധതിയാണെന്ന് കാണാം.

2016-17 ൽ 2500 കോടിരൂപ കിഫ്ബി വഴി സമാഹരിച്ച് വികസന പദ്ധതികൾക്ക് ചെലവാക്കുമെന്നു പ്രഖ്യാപിച്ചുവെങ്കിലും, ഒരു രൂപ പോലും ചെലവാക്കിയില്ല. സി.എ.ജി.യുടെ കണക്കുകൾ അനുസരിച്ചു ബജറ്റിനു പുറത്തു നിന്നും രണ്ടാം വർഷം (2017-18) കിഫ്ബിയ്ക്ക് സമാഹരിയ്ക്കാൻ കഴിഞ്ഞ തുക 100.80 കോടിരൂപ മാത്രമാണ്. സംസ്ഥാന നിയമസഭയിൽ ഒരു ചോദ്യത്തിന് ഉത്തരമായി നൽകിയ കണക്കുകൾ അനുസരിച്ചു 2019 ജൂലൈ ഒന്നാം തീയതി വരെ കിഫ്ബി പദ്ധതികൾക്ക് വേണ്ടി ചെലവാക്കിയത് 1859 കോടി രൂപ മാത്രം. അതായത് മൊത്തം തുകയുടെ 3.4 ശതമാനം. എന്നാൽ തുടർച്ചയായി അനവധി പദ്ധതികൾ തയ്യാറാക്കുകയും ചർച്ചചെയ്യുകയും അംഗീകാരം കൊടുക്കുകയും സമാനതകളില്ലാത്ത വികസനം നടത്താൻ പോകുന്നുവെന്നും സർക്കാർ പറയുന്നു. ഇതുവരെ ചെലവാക്കിയ തുക ഒരു മാനദണ്ഡമായി എടുത്താൽ കിഫ്ബിയുടെ പദ്ധതി നടത്തിപ്പ് പരിതാപകരമാണ്. ഈ സർക്കാരിന്റെ അവശേഷിക്കുന്ന ഒരു വർഷവും നാലു മാസവും അത്ഭുതങ്ങൾ നടക്കുമെന്നാണ് കിഫ്ബി വക്താക്കളുടെ അവകാശവാദം.

**ഉപസംഹാരം**

ഈ വിശകലനം ഉപസംഹരിയ്ക്കാം. സംസ്ഥാന ചരിത്രത്തിലെ ഏറ്റവും ഗുരുതരമായ ധനപ്രതിസന്ധിയിലാണ് കേരളം. സംസ്ഥാന പ്രാദേശിക സർക്കാരുകളുടെ മെച്ചമായ ഭരണം, സാമ്പത്തിക സാമൂഹിക വികസനം, ജനക്ഷേമം മെച്ചപ്പെടുത്തൽ തുടങ്ങിയവ നേടുന്നതിനു ആരോഗ്യപരമായ ധനകാര്യ സ്ഥിതി അനിവാര്യഘടകമാണ്. എന്നാൽ സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിൽ സംസ്ഥാനത്ത് അധികാരത്തിലിരുന്ന സർക്കാരുകൾ കടുത്ത അലംഭാവമാണ് കാണിച്ചത്. ഇന്ന് അനുവർത്തിച്ചുവരുന്ന ധനധൂർത്ത് രാഷ്ട്രീയത്തിലടിസ്ഥനമായ ധനനയങ്ങളിൽ ഒരു പൊളിച്ചെഴുത്ത് അനിവാര്യമാണ്. അതിനു മുതിരാതെ പിന്തിരിപ്പനും, വികസനവിരുദ്ധവും, ജനക്ഷേമവിരുദ്ധവുമായ നയങ്ങളാണ് ഇപ്പോൾ അനുവർത്തിച്ചു വരുന്നത്. ധനപ്രതിസന്ധിയുടെ മൂലകാരണങ്ങളെ അഭിസംബോധന ചെയ്യാതെ തുഗ്ലക്ക് മോഡൽ ധനപരിഷ്ക്കരണങ്ങൾ കൊണ്ട് വേഷംകെട്ട് കാണിച്ചാൽ ഈ പ്രതിസന്ധി തരണം ചെയ്യാൻ കഴിയില്ല. നാടിന്റെ വികസനവും ജനക്ഷേമവും മെച്ചമായ ഭരണവും

ലക്ഷ്യമിടാതെ അടുത്ത സർക്കാരിനെ കടക്കെണിയിലാക്കി രാഷ്ട്രീയനേട്ടം നേടാമെന്ന സങ്കുചിതരാഷ്ട്രീയവും ധനനയങ്ങളും കേരളത്തെ വഴിയാധാരം ആക്കുകയെ ഉള്ളൂ.

*(ഈ ലേഖനം "തകരുന്ന സാമ്പത്തികം വളരാത്ത കേരളം" എന്ന തലക്കെട്ടിൽ '**സമകാലിക മലയാളം**' വാരികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (2020 ജനുവരി 27))*